**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 266** **29-01-2024 - ൽ മറുപടിയ്ക്ക്**

**വിദേശത്ത് മെഡിക്കൽ കോഴ്സ് പൂർത്തിയാക്കുന്നവരുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വിദേശത്ത് മെഡിക്കൽ കോഴ്സ് (ഡോക്ടർ) പൂർത്തിയാക്കിയിട്ടുള്ളവരുടെ രജിസ്ട്രേഷൻ നടത്തുമ്പോൾ അപേക്ഷ സമർപ്പിക്കേണ്ടതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | **വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (ബി) | അപേക്ഷ സമർപ്പിച്ച് രജിസ്ട്രേഷൻ പൂർത്തിയായി സർട്ടിഫിക്കറ്റ് അനുവദിക്കാൻ എടുക്കുന്ന സമയപരിധി അറിയിക്കാമോ; | (ബി) | കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ സ്ഥിര/ പ്രൊവിഷണൽ രജിസ്ട്രേഷനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ദേശീയ മെഡിക്കൽ കമ്മീഷന്റെ (erstwhile MCI) നിർദ്ദേശ പ്രകാരം, പ്ലസ്ടു സർട്ടിഫിക്കറ്റ്, നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് പരീക്ഷയുടെ റിസൽട്ട്, ബന്ധപ്പെട്ട യൂണിവേഴ്സിറ്റി, എംബസ്സി, ഇന്റേൺഷിപ്പ് ചെയ്ത സ്ഥാപനം എന്നിവിടങ്ങളിൽ നിന്നുള്ള വെരിഫിക്കേഷൻ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനോടൊപ്പം, പാസ് പോർട്ട് വിവരങ്ങളുടെ വിശദമായ പരിശോധനയും നടത്തേണ്ടതേണ്ടതുണ്ട്. അതതു സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയാണ് താൽക്കാലിക/സ്ഥിര രജിസ്ട്രേഷൻ അനുവദിക്കുന്നത്. പ്രസ്തുത റിപ്പോർട്ടുകളുടെ ലഭ്യതയെ അടിസ്ഥാനമാക്കിയാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനുള്ള സമയപരിധി എന്നതിനാൽ കൃത്യമായ സമയപരിധി നിശ്ചയിക്കാൻ കഴിയില്ല. |
| (സി) | അപേക്ഷയിൽ പിഴവുണ്ടെങ്കിലോ ആവശ്യമായ രേഖകൾ ഇല്ലായെങ്കിലോ ആ വിവരം സൂചിപ്പിച്ച് അപേക്ഷകരെ അറിയിക്കാറുണ്ടോ; വിശദാംശം നൽകാമോ? | (സി) | അപേക്ഷയിൽ അപാകതയുള്ള പക്ഷം കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ അപേക്ഷകരുടെ പ്രൊഫൈൽ മുഖേന ഒബ്ജക്ഷൻ അറിയിക്കുകയും, ആവശ്യമെങ്കിൽ ഫോൺ/ഇ-മെയിൽ/കത്ത് മുഖേന വിവരങ്ങൾ അറിയിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## താൽക്കാലിക രജിസ്ട്രേഷൻ

a. വിദേശ മെഡിക്കൽ ബിരുദം നേടിയവർ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിന്റെ ഔദ്യോഗിക വെബ് സൈറ്റിലെ വിദേശ മെഡിക്കൽ ബിരുദ യോഗ്യത രജിസ്ട്രേഷനായുള്ള ഫോറത്തിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

b. ഓൺലൈനായി അപേക്ഷിച്ചതിനു ശേഷം, ആയതിൽ നിർദ്ദേശിച്ചിരിക്കുന്നത് പ്രകാരമുള്ള താഴെ പറയുന്ന രേഖകളുടെ hard copies കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ ലഭ്യമാക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുന്നതാണ്.

**താഴെ പറയുന്ന രേഖകളുടെ പകർപ്പുകൾ (കളർ) ഹാജരാക്കേണ്ടതാണ്. (2 സെറ്റ്)**

**Annexure 1**

1. അപേക്ഷകൻ ഒപ്പിട്ട acknowledgement (ഓൺലൈനായി 15,000/- രൂപ ഫീസ് ഒടുക്കി ലഭിച്ച രസീത് ഉൾപ്പെടെയുള്ള ഒപ്പിട്ട അപേക്ഷ)
2. യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച ബിരുദ സർട്ടിഫിക്കറ്റിന്റെ എംബസ്സി അറ്റസ്റ്റ ചെയ്ത/അപോസ്റ്റിൽ ചെയ്ത പകർപ്പുകൾ
3. യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച മാർക്ക് ഷീറ്റിന്റെ പകർപ്പുകൾ
4. 12th ക്ലാസ് അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ മാർക്ക് ഷീറ്റും, പാസ് സർട്ടിഫിക്കറ്റും (ബന്ധപ്പെട്ട ബോർഡിലേക്ക് വെരിഫിക്കേഷൻ ഫീസ് ആവശ്യമെങ്കിൽ ആയത് ഡി.ഡി ആയി ഒടുക്കേണ്ടതാണ്.)
5. 11th ക്ലാസ് അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ പാസ് സർട്ടിഫിക്കറ്റ്
6. 10th ക്ലാസ് അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ പാസ് സർട്ടിഫിക്കറ്റ്
7. എം.സി.ഐ. /എൻ.എം.സി. നൽകിയ എലിജിബിലിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്
8. നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് പരീക്ഷ റിസൾട്ട്
9. അപേക്ഷകൻ OCI (Overseas Citizen of India) ആണെങ്കിൽ ആയത് തെളിയിക്കുന്ന രേഖയുടെ പകർപ്പ്
10. പഠന സമയത്തുള്ള പാസ്പോർട്ടിന്റെ എല്ലാ പേജുകളുടേയും പകർപ്പ്
11. അപേക്ഷകന്റെ പഠന സമയത്തെ യാത്രാ വിവരങ്ങൾ നിർദ്ദിഷ്ട മാതൃകയിൽ (1 set)
12. നിർദ്ദിഷ്ട മാതൃകയിലുള്ള True likeness certificate
13. 200 രൂപയുടെ മുദ്രപത്രത്തിൽ, നിർദ്ദിഷ്ട മാതൃകയിലെ self affidavit

മേൽപ്പറഞ്ഞ എല്ലാരേഖകളുടേയും കളർ പകർപ്പുകൾ സമർപ്പിക്കേണ്ടതും, 1, 13 ഒഴികെയുള്ള എല്ലാ രേഖകളും കേരള സർക്കാരിന്റെ കീഴിലെ ഏതെങ്കിലും ഗസറ്റ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## സ്ഥിര രജിസ്ട്രേഷൻ

വിദേശത്തു നിന്നും മെഡിക്കൽ പഠനം പൂർത്തിയാക്കി കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും താൽക്കാലിക രജിസ്ട്രേഷൻ നേടി, ഇന്റേൺഷിപ്പ് പൂർത്തിയാക്കിയവർ, സ്ഥിര രജിസ്ട്രേഷനായി കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.automation.medicalcouncil.kerala.gov.in) ഓൺലൈനായി മതിയായ ഫീസ് ഒടുക്കി അപേക്ഷ സമർപ്പിക്കേണ്ടതും, ആയതിന്റെ hard copy യും താഴെ പറയുന്ന രേഖകളുടെ കളർ പകർപ്പുകളും സഹിതം കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ ഹാജരാക്കുകയും ചെയ്യുന്ന മുറയ്ക്ക് രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുന്നതാണ്.

**താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്**

**Annexure 2**

1. സ്ഥിര രജിസ്ട്രേഷന്റെ acknowledgement (ഓൺലൈനായി 20,000/- രൂപ ഫീസ് ഒടുക്കി ലഭിച്ച രസീത് ഉൾപ്പെടെയുള്ള ഒപ്പിട്ട അപേക്ഷ)
2. യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച ബിരുദ സർട്ടിഫിക്കറ്റിന്റെ എംബസ്സി അറ്റസ്റ്റ ചെയ്ത/അപോസ്റ്റിൽ ചെയ്ത പകർപ്പുകൾ
3. യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച മാർക്ക് ഷീറ്റിന്റെ പകർപ്പുകൾ
4. 12th ക്ലാസ് അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ മാർക്ക് ഷീറ്റും, പാസ് സർട്ടിഫിക്കറ്റും (ബന്ധപ്പെട്ട ബോർഡിലേക്ക് വെരിഫിക്കേഷൻ ഫീസ് ആവശ്യമെങ്കിൽ ആയത് ഡി.ഡി ആയി ഒടുക്കേണ്ടതാണ്.)
5. 11th ക്ലാസ് അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ പാസ് സർട്ടിഫിക്കറ്റ്
6. 10th ക്ലാസ് അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ പാസ് സർട്ടിഫിക്കറ്റ്
7. എം.സി.ഐ. /എൻ.എം.സി. നൽകിയ എലിജിബിലിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്
8. നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് പരീക്ഷ റിസൾട്ട്
9. അപേക്ഷകൻ OCI (Overseas Citizen of India) ആണെങ്കിൽ ആയത് തെളിയിക്കുന്ന രേഖയുടെ പകർപ്പ്
10. പഠന സമയത്തുള്ള പാസ്പോർട്ടിന്റെ എല്ലാ പേജുകളുടേയും പകർപ്പ്
11. അപേക്ഷകന്റെ പഠന സമയത്തെ യാത്രാ വിവരങ്ങൾ നിർദ്ദിഷ്ട മാതൃകയിൽ (1 set)
12. നിർദ്ദിഷ്ട മാതൃകയിലുള്ള True likeness certificate
13. ഇന്റേൺഷിപ്പ് ചെയ്ത സ്ഥാപനം അനുവദിച്ച ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റ് (2 സെറ്റ്)
14. കെ.എസ്.എം.സി.യിൽ നിന്നും നൽകിയിട്ടുള്ള 1st പ്രൊവിഷണൽ സർട്ടിഫിക്കറ്റിന്റെയും (2nd , 3rd & 4th പ്രൊവിഷണൽ എന്നിവ ലഭ്യമാണെങ്കിൽ) ആയതിന്റെയും അസ്സൽ
15. ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റ്/ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിച്ച് 90 ദിവസത്തിനുള്ളിൽ അപേക്ഷ നൽകാത്തവർ, ആയതിന്റെ കാരണം വ്യക്തമാക്കി 200/- രൂപ മുദ്രപത്രത്തിൽ Notary സാക്ഷ്യപ്പെടുത്തിയ ഒരു അഫിഡവിറ്റ് ഹാജരാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ എല്ലാ രേഖകളുടേയും കളർ പകർപ്പുകൾ സമർപ്പിക്കേണ്ടതും, acknowledgement, ഹാജരാക്കുന്ന അസ്സൽ രേഖകൾ ഒഴികെ എല്ലാ രേഖകളും കേരള സർക്കാരിന്റെ കീഴിലെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.